പ്രകാശവചനം ● അബൂദർറ് എടയൂർ

# തമാശക്കുമുണ്ട് പരിധി

عَنِ ابْنِ عَبَّاسٍ، قَالَ: قَالَ رَسُولُ اللَّهِ ﷺ: "لاَ تُمَارِ أَخَاكَ، وَلاَ تُمَازِحْهُ، وَلاَ تَوَاعِدْهُ مَوْعِدًا تُخْلِفْهُ"

**ഇബ്നു അബ്ബാസിൽ നിന്ന്. നബി(സ) പറഞ്ഞു: നീ നിന്റെ സഹോദരനുമായി തർക്കത്തിലേർപ്പെടരുത്. അവനോട് (വേദനിപ്പിക്കുന്ന രീതിയിലുള്ള) തമാശ പറയരുത്. അവനോട് (ഉറപ്പില്ലാത്ത കാര്യം) വാഗ്ദാനം ചെയ്യരുത്. നിനക്കത് ലംഘിക്കേണ്ടിവരും (തിർമിദി, ബൈഹഖി).**

മൂന്ന് കാര്യങ്ങളാണ് ഈ ഹദീസ് പഠിപ്പിക്കുന്നത്. ഒന്ന്, സത്യവിശ്വാസി അനാവശ്യമായ തർക്കങ്ങളിൽ ഏർപ്പെടാൻ പാടില്ല, സത്യം അവന്റെ പക്ഷത്താണെങ്കിലും. രണ്ട്, വേദനിപ്പിക്കുന്ന തമാശ പറയരുത്. മൂന്ന്, ലംഘിക്കേണ്ടി വരുന്ന വിധത്തിലുള്ള വാഗ്ദാനങ്ങൾ ആർക്കും നൽകരുത്.

ആളുകളെ ചിരിപ്പിക്കാൻ വേണ്ടി പ്രയോഗിക്കുന്ന വാക്കോ പ്രവൃത്തിയോ ആണല്ലോ തമാശ. അത് തോന്നിയതു പോലെയാവാൻ പാടില്ല. സദുദ്ദേശ്യപരവും സത്യസന്ധവുമല്ലാത്ത തമാശകൾ നമുക്ക് തന്നെ വിനയാവും. നമുക്കോ മറ്റുള്ളവർക്കോ ദോഷകരമായിത്തീരുന്നതോ വ്യക്തിയെയോ സമൂഹത്തെയോ ദീനിനെയോ പരിഹസിക്കുന്നതോ ആയ തമാശകൾ സത്യവിശ്വാസിയിൽ നിന്ന് ഉണ്ടാകാവതല്ല എന്നാണ് ഉപരിസൂചിത ഹദീസിന്റെ ആശയം.

ഇമാം നവവി പറയുന്നു: "പതിവായോ അമിതമായോ ഉള്ള തമാശകളാണ് നിരോധിക്കപ്പെട്ടിട്ടുള്ളത്. കാരണം, അത് ദൈവസ്മരണയിൽ നിന്നും സുപ്രധാനമായ ദീനീ കാര്യങ്ങളെ കുറിച്ച ചിന്തയിൽ നിന്നും മനുഷ്യനെ അശ്രദ്ധനാക്കുന്നു. മിക്കപ്പോഴും അത് മറ്റുള്ളവരെ വേദനിപ്പിക്കുകയും പകയുണ്ടാക്കുകയും ചെയ്യുന്നു. മാത്രമല്ല അത് വ്യക്തിത്വവും ഗാംഭീര്യവും നഷ്ടപ്പെടുത്തുന്നു. ഈ ദോഷവശങ്ങളിൽ നിന്നെല്ലാം മുക്തമായ തമാശയാണ് അനുവദനീയമായിട്ടുള്ളത്. ഇത്തരം തമാശകളായിരുന്നു പ്രവാചകനിൽ നിന്ന് ഉണ്ടായിരുന്നത്. അതു തന്നെ അപൂർവവുമായിരുന്നു. മനസ്സിന് സന്തോഷം പകരാനും സാന്ത്വനമേകാനും വേണ്ടിയായിരുന്നു അത്. അപ്രകാരമുള്ള തമാശ അഭികാമ്യമാകുന്നു" (മിർഖാത്ത്).

എന്നാൽ, ചിരിപ്പിക്കാൻ വേണ്ടി കളവ് പറയുന്നത് ഗുരുതരമായ തെറ്റാണ്. നബി(സ) പറഞ്ഞു: "ജനങ്ങളെ ചിരിപ്പിക്കാൻ വേണ്ടി കളവ് പറയുന്നവന് നാശം, അവന് നാശം, അവന് നാശം" (അഹ്മദ്). തമാശക്ക് പോലും കള്ളം പറയാത്തവന് സ്വർഗത്തിന്റെ മധ്യത്തിൽ ഒരു വീടിന് വേണ്ടി താൻ വാദിക്കുമെന്ന് പ്രവാചകൻ പഠിപ്പിക്കുന്നു (അബൂദാവൂദ്).

തമാശക്ക് വേണ്ടി മറ്റുള്ളവരുടെ എന്തെങ്കിലും സാധനങ്ങൾ ഒളിപ്പിച്ച് വെക്കുന്ന ചിലരുണ്ട്. അത് ദ്രോഹകരമായ തമാശയിലാണ് പെടുക. ഒരിക്കൽ പ്രവാചകനും സ്വഹാബികളും ഒരു യാത്ര പോവുകയായിരുന്നു. യാത്രാമധ്യേ അവർ ഒരിടത്ത് വിശ്രമിക്കാനിറങ്ങി. അന്നേരം ഒരു സ്വഹാബി ഉറങ്ങിയപ്പോൾ മറ്റൊരാൾ അദ്ദേഹത്തിന്റെ ഒരു കയർ എടുത്ത് ഒളിപ്പിച്ച് വെച്ചു. ഉണർന്നപ്പോൾ അത് കാണാതെ അയാൾ ഭയാശങ്കയിലായി. അപ്പോൾ നബി(സ) പറഞ്ഞു: ഒരു മുസ്‌ലിമും മറ്റൊരു മുസ്‌ലിമിനെ ഭയപ്പെടുത്താൻ പാടില്ല (അബൂദാവൂദ്). മറ്റൊരിക്കൽ പ്രവാചകൻ പറഞ്ഞു: "ഒരാൾ തമാശക്കോ അല്ലാതെയോ മറ്റൊരാളുടെ സാധനം എടുക്കാൻ പാടില്ല" (അബൂദാവൂദ്).

നബി (സ) തമാശ പറയാറുണ്ടായിരുന്നു. ഒരിക്കൽ ഒരാൾ പ്രവാചകന്റെ അടുക്കൽ വന്ന് ഒരു സവാരി മൃഗത്തെ ആവശ്യപ്പെട്ടു. അപ്പോൾ പ്രവാചകൻ പറഞ്ഞു: ഞാൻ നിനക്ക് സവാരി ചെയ്യാൻ ഒരു പെൺ ഒട്ടകക്കുട്ടിയെ തരാം. അയാൾ ചോദിച്ചു: ഒരു പെൺ ഒട്ടകക്കുട്ടിയെ കൊണ്ട് ഞാനെന്ത് ചെയ്യും (അതിനെ വാഹനമാക്കാൻ കഴിയില്ലല്ലോ). പ്രവാചകൻ പറഞ്ഞു: പെൺ ഒട്ടകമല്ലാതെ ഒട്ടകങ്ങളെ പ്രസവിക്കുമോ? (അബൂദാവൂദ്)

ഒട്ടകം ചെറുതായാലും വലുതായാലും പെൺ ഒട്ടകത്തിന്റെ കുട്ടി തന്നെയാണല്ലോ. ഒരു തമാശ രൂപത്തിലാണ് പ്രവാചകൻ അത് പറഞ്ഞതെന്ന് മാത്രം. അതിൽ കാര്യവും ഉൾച്ചേർന്നിട്ടുണ്ട്. അതായത്, ഒരു കാര്യം കേൾക്കുമ്പോൾ ആലോചിച്ച് മാത്രമേ പ്രതികരിക്കാവൂ. ഉദ്ദേശ്യം വേണ്ടവിധം മനസ്സിലാക്കാതെ എതിർക്കരുത്. ശരിക്ക് ആലോചിച്ചിരുന്നെങ്കിൽ ആ സ്വഹാബിക്ക് ആശങ്കപ്പെടേണ്ടിയിരുന്നില്ല.

പരസ്പര സ്നേഹം വളർത്തുന്നതിനും ആശ്വസിപ്പിക്കുന്നതിനും സംസ്കരണം ലക്ഷ്യം വെച്ചുമെല്ലാമുള്ള തമാശകൾ പ്രവാചക ചരിത്രത്തിൽ കാണാം. കുട്ടികളോടൊത്തും ഭാര്യമാരോടൊത്തും പ്രവാചകൻ തമാശകളിൽ ഏർപ്പെടാറുണ്ടായിരുന്നു. എന്നാൽ, അതൊരിക്കലും കള്ളവാദങ്ങളോ അതിശയോക്തികളോ ഉപദ്രവകരമോ ആയിരുന്നില്ല. പ്രവാചകൻ പറഞ്ഞു: ''തീർച്ചയായും ചിലപ്പോൾ ഞാൻ തമാശ പറയാറുണ്ട്. പക്ഷേ, സത്യമല്ലാതെ ഞാൻ പറയാറില്ല'' (ത്വബ്റാനി). ■